റേഷൻ ഷോപ്പ് വഴി വിതരണം നടത്തിയിരുന്ന ഭക്ഷ്യ സാധനങ്ങൾ

563 [769] ശ്രീ. കെ. മൂസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വരുന്ന അവസരത്തിൽ സംസ്ഥാനത്തെ റേഷൻ ഷോപ്പുകൾവഴി വിതരണം നടത്തിയിരുന്ന ഭക്ഷ്യ സാധനങ്ങൾ എന്തൊക്കെയായിരുന്നു;

(ബി) മേൽ സൂചിപ്പിച്ച സമയത്ത് അവയുടെ അളവും വിലയും എത്രയായിരുന്നു;

(സി) ഇപ്പോൾ അവയുടെ അളവും വിലയും എത്ര?

ഉത്തരം

(എ) അരി, പഞ്ചസാര, ഗോതമ്പ് എന്നീ ഭക്ഷ്യസാധനങ്ങൾ റേഷൻ കടകൾ വഴി വിതരണം നടത്തിയിരുന്നു.

(ബി) 1980, 1981 വർഷങ്ങളിൽ കേരളത്തിലെ റേഷൻ കടകൾ വഴി വിതരണം ചെയ്യേണ്ട അരിയുടെ തോത് പ്രായപൂർത്തിയായവർക്ക് ദിനംപ്രതി 320 ഗ്രാം എന്ന് നിശ്ചയിച്ചിരുന്നുവെങ്കിലും ഈ തോതനുസരിച്ച് സംസ്ഥാനമൊട്ടുമുള്ള കാർഡുടമകൾക്ക് നൽകത്തക്കവണ്ണം റേഷൻ അരി ലഭിച്ചിരുന്നില്ല. എല്ലാവർക്കും ഒരേ നിശ്ചിത തോതിലല്ല വിതരണം ചെയ്തതും. എന്നാൽ 1983 മുതൽ ഒരേ തോതാക്കുകയും 1985 ഫെബ്രുവരി മുതൽ കേരളമൊട്ടാകെയുള്ള പ്രായപൂർത്തിയായവർക്കെല്ലാം ഒരേ തോതിൽ ദിനം പ്രതി 220 ഗ്രാം വീതം റേഷനരി നൽകണമെന്ന് നിശ്ചയിച്ചിരുന്നതനുസരിച്ച് വിതരണം ചെയ്യുന്നുണ്ട്. 1980, 1981 എന്നീ വർഷങ്ങളിൽ മാസം പ്രതി ശരാശരി 65,000 ടൺ റേഷനരി സംസ്ഥാനത്തൊട്ടാകെ വിതരണം ചെയ്തിരുന്നുവെങ്കിൽ ഇപ്പോൾ ശരാശരി പ്രതിമാസം 130,000 ടൺ അരിയാണ് വിതരണം ചെയ്യുന്നത്. റേഷൻ ഗോതമ്പ് ആളൊന്നിന് പ്രതിദിനം 240 ഗ്രാം എന്ന തോതിൽ നൽകിവരുന്നു. ഇപ്പോൾ ആവശ്യാർത്ഥം ഇതിലും കൂടുതൽ നൽകുന്നുണ്ട്. 1981-ൽ ഓരോരുത്തർക്കും പ്രതിമാസം 500 ഗ്രാം എന്ന തോതിൽ ശരാശരി 10,500 മെട്രിക് ടൺ റേഷൻ പഞ്ചസാര വിതരണം ചെയ്തിരുന്ന സ്ഥാനത്ത് ഇപ്പോൾ 450 ഗ്രാം വീതം പ്രതിമാസം ശരാശരി 11,900 മെട്രിക് ടൺ റേഷൻ പഞ്ചസാര ഈ സംസ്ഥാനത്ത് വിതരണം ചെയ്തുവരുന്നു.

(സി) ഈ സാധനങ്ങളുടെ വില വിവരം ചുവടെ ചേർക്കുന്നു:

	1981	1986
	രൂ.	രൂ.
കോമൺ അരി ..	1.91	2.58
ഫൈൻ ..	2.03	2.70
സൂപ്പർ ഫൈൻ ..	2.18	2.85
ഗോതമ്പ് ..	1.61	2.08
പഞ്ചസാര ..	3.65	4.80

LIBRARY ARCHIVES Kerala Legislative Assembly